**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4438** **01-07-2024 - ൽ മറുപടിയ്ക്ക്**

**എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണവും ഉണ്ടായ നിക്ഷേപവും സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; | (എ) | വ്യവസായ വകുപ്പിലെ വിവര ശേഖരണ സംവിധാനങ്ങളായ എംഐ.എസ്, വ്യവസായ ജാലകം പോർട്ടലുകളിലെ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, 2016 മെയ് മുതൽ 2021 ഏപ്രിൽ വരെ, കേരളത്തിൽ70095 (എഴുപതിനായിരത്തി തൊണ്ണൂറ്റിയഞ്ച്) പുതിയ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി സംസ്ഥാനത്ത് 6547.36കോടി രൂപയുടെ നിക്ഷേപവും, 248937തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. |
| (ബി) | ഈ സർക്കാർ വന്ന ശേഷം ആരംഭിക്കപ്പെട്ട എം.എസ്.എം.ഇ. കളിൽ എത്ര സ്ത്രീ സംരംഭകരാണ് ഉള്ളത്; വ്യക്തമാക്കാമോ; | (ബി) | വ്യവസായ വകുപ്പിലെ വിവര ശേഖരണ സംവിധാനങ്ങളായ എം.ഐ.എസ്, സംരംഭക വർഷം പോർട്ടൽ, വ്യവസായ ജാലകം പോർട്ടലുകളിലെ കണക്കുകൾ പ്രകാരം ഈ സർക്കാർ വന്ന ശേഷം ആരംഭിക്കപ്പെട്ട എം.എസ്.എം.ഇ- കളിൽ 81,917വനിതാ സംരംഭകർ ഉണ്ട്. |
| (സി) | എം.എസ്.എം.ഇ. മേഖലയിൽ ഉണ്ടായ വളർച്ച ദേശീയ തലത്തിൽ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിൽ എത്രത്തോളം സഹായിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടി രിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി കൊണ്ടിരിക്കുന്നു. |

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 ആം സ്ഥാനത്തു നിന്നും 15 ആം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 25 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്ത് ആകെ 2,52,553 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 16187.53 കോടി രൂപയുടെ നിക്ഷേപവും 537,494 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019 ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയും ചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം ആണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടന്നു വരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/ സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10

| | | | |
|---|---|---|---|
| | | | കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br>കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.<br><br>ഇപ്രകാരം MSME മേഖലയ്ക്ക് നൽകിയ വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങളിലൂടെയാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28 ആം സ്ഥാനത്തു നിന്നും 15 ആം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ കേരളത്തിന് സാധിച്ചത്. |

സെക്ഷൻ ഓഫീസർ